നെടുങ്ങോലം ഗവ. ഹയർസെക്കണ്ടറി സ്കൂളിന് ക്ലാസ് മുറികൾ

77(2936) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർ സെക്കന്ററി സ്കൂളിന് ആവശ്യത്തിലേക്കുതകുന്ന ക്ലാസ് മുറികൾ ഇല്ലാത്തത് സംബന്ധിച്ച അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 70 വർഷത്തിൽപ്പരം പഴക്കമുള്ളതും എൽ.പി. വിഭാഗം പ്രവർത്തിച്ചിരുന്നതുമായ ക്ലാസ് മുറികളിൽ പഠനം നടത്തുന്ന ഹയർസെക്കണ്ടറി കുട്ടികൾക്ക് ആവശ്യമായ മുറികൾ നിർമ്മിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെടുങ്ങോലം ഗവ. ഹയർസെക്കണ്ടറി സ്കൂളിന് 200 ലക്ഷം രൂപ മതിപ്പു ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുകയാണ്.

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി

78(2938) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ അസംബ്ലി നിയോജകമണ്ഡലത്തിൽ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ചെയ്യേണ്ട പ്രവർത്തനങ്ങളെ കുറിച്ച് ഒരു ആശയരൂപീകരണ ശില്പശാല നടത്തുകയും, തുടർപ്രവർത്തനം എന്ന നിലയിൽ സ്കൂളുകളെ സംബന്ധിച്ച് ഡേറ്റ ശേഖരണം നടത്തുകയും, പൊതുവായ

LIBRARY ARCHIVES Kerala Legislative Assembly